**ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ വച്ച് 23.01.2018-ൽ നടന്ന അഞ്ചാമത് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്സ്**

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിന്റെ അഞ്ചാമത് സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ യോഗം ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ കോൺഫറൻസ് ഹാളിൽ വച്ച് 23.01.2018-ന് രാവിലെ 11.15-ന് തൊഴിലും നൈപുണ്യവും വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. യോഗത്തിൽ പങ്കെടുത്തവരുടെ പേരു വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.

ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടർ അവതരിപ്പിച്ച 4-ാമത്തെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിന്റെ മിനിട്ട്സ് യോഗം അംഗീകരിക്കുകയും, 4-ാമത്തെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനപ്രകാരം സ്വീകരിച്ച തുടർനടപടികൾ ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ വിശദീകരിക്കുകയും ചെയ്തു. ഇതിന്മേൽ യോഗം ചർച്ച ചെയ്ത് താഴെപ്പറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

ഇ.എസ്.ഐ സ്ഥാപനങ്ങളിലെ വാർഷിക അറ്റകുറ്റപണികളും, സ്പെഷ്യൽ റിപ്പയർ വർക്കുകളും പുരോഗതിയിൽ നടന്നു കൊണ്ടിരിക്കുന്നു എങ്കിലും ഇനിയും കൂടുതൽ ഫണ്ട് ആവശ്യമുള്ളതാണെന്നും ഡയറക്ടർ അറിയിച്ചു. ഇതിലേയ്ക്കായി ആവശ്യമായ ഫണ്ട് നൽകാമെന്നും, അത് പ്രകാരം അപേക്ഷകൾ അയയ്ക്കുവാനും ഇ.എസ്.ഐ കോർപ്പറേഷൻ ഡയറക്ടർ ജനറൽ നിർദ്ദേശിച്ചിട്ടുണ്ടെന്ന വിവരം സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണർ അറിയിച്ചു.

ഒന്നാമത്തെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനിച്ച പ്രകാരം 2 ലക്ഷം വരെ വരുന്ന സ്പെഷ്യൽ അറ്റകുറ്റപണികൾ ആശുപത്രി വികസന സമിതി മുഖേന തന്നെ അനുവദിയ്ക്കേണ്ടതാണെന്നും 2 ലക്ഷത്തിൽ താഴെയുള്ള സ്പെഷ്യൽ അറ്റകുറ്റപണികളുടെ തുകകൾ ഇനി മുതൽ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ വയ്ക്കേണ്ടതില്ലെന്നും തൊഴിലും നൈപുണ്യവും വകുപ്പ്

അഡീഷണൽ ചീഫ് സെക്രട്ടറി ( കമ്മിറ്റി ചെയർമാൻ) നിർദ്ദേശിച്ചു. ചെയർമാന്റെ ഈ നിർദ്ദേശം യോഗം അംഗീകരിച്ചു.

മുൻ യോഗ തീരുമാനപ്രകാരം നിരസിച്ച ഐ.വി.എഫ് ചികിത്സ സംബന്ധമായ വിഷയത്തിൽ പ്രൈവറ്റ് ആശുപത്രികളെ എംപാനൽ ചെയ്യണമെന്ന ഇ.എസ്.ഐ കോർപ്പറേഷൻ മെമ്പർ ശ്രീ.രാധാകൃഷ്ണന്റെ നിർദ്ദേശം നാഷണൽ പോപ്പുലേഷൻ പോളിസിയ്ക്ക് വിരുദ്ധമായ കാര്യമായതിനാൽ പ്രോത്സാഹിപ്പിക്കേണ്ടതില്ലെന്ന് ചെയർമാൻ വ്യക്തമാക്കി. ഇ.എസ്.ഐ കോർപ്പറേഷൻ ആശുപത്രികളിലെ (എഴുകോൺ, പാരിപ്പള്ളി, ഉദ്യോഗമണ്ഡൽ) മെഡിക്കൽ സൂപ്രണ്ടുമാരെ കൂടി അടുത്ത സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ പ്രത്യേക ക്ഷണിതാക്കളാക്കണമെന്ന നിർദ്ദേശം ടി ഉന്നയിക്കുകയും യോഗം ആയത് അംഗീകരിക്കുകയും ചെയ്തു.

ഇ .എസ്.ഐ കോർപ്പറേഷൻ ഏറ്റെടുത്ത ആശുപത്രികളിലെ സർക്കാർ സർവ്വീസിലുണ്ടായിരുന്ന ജീവനക്കാരുടെ പ്രൊമോഷൻ, സീനിയോറിറ്റി എന്നിവ സംബന്ധിച്ച ധാരാളം കോടതി കേസുകൾ നിലനിൽക്കുന്നതിനാൽ ടി ജീവനക്കാരുടെ പ്രോ-റാറ്റ പെൻഷൻ കണക്കാക്കുന്നതിനുള്ള ബുദ്ധിമുട്ട് ഡയറക്ടർ വ്യക്തമാക്കിയതിനെ തുടർന്ന് ബഹു.കോടതിയിൽ നിന്നും തീരുമാനം ഉണ്ടാകുന്ന മുറയ്ക്ക് ഇത് ചെയ്യുന്നതിനും തീരുമാനിച്ചു.

**<u>അജണ്ട പ്രകാരമുള്ള യോഗ തീരുമാനങ്ങൾ</u>**

1. **<u>Annual Repair & Maintenance/Special Repair & Maintenance വർക്കുകൾ</u>**

ഇനിയും തീർപ്പാക്കാനുള്ള Annual Repair & Maintenance/Special Repair & Maintenance വർക്കുകൾ അടിയന്തിരമായി ചെയ്തു തീർക്കേണ്ടതാണെന്ന് കമ്മിറ്റി തീരുമാനിച്ചു. Annual Repair & Maintenance/Special Repair & Maintenance ജോലികളുടെ അന്തിമ ചെലവ് വിവരങ്ങൾ അടുത്ത സ്റ്റേറ്റ്

എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതാണ്.

**(നടപടി-റീജിയണൽ ഡയറക്ടർ, സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണർ)**

2. **സ്പെഷ്യാലിറ്റി എംപാനൽമെന്റ്**

സ്പെഷ്യാലിറ്റി ചികിത്സയ്ക്ക് എംപാനൽ ചെയ്യുവാൻ ലഭ്യമായിട്ടുള്ള അപേക്ഷകളിൽ യോഗ്യതയുള്ള ആശുപത്രികളെ എംപാനൽ ചെയ്യിക്കാൻ യോഗം ഡയറക്ടറെ ചുമതലപ്പെടുത്തി.

**(നടപടി- ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ ഡയറക്ടർ)**

3. **സ്ട്രക്ച്ചറൽ ആഡിറ്റ്**

ഇ.എസ്.ഐ സ്ഥാപനങ്ങളിലെ സ്ട്രക്ച്ചറൽ ആഡിറ്റ് സമയപരിധിക്കുള്ളിൽ തീർപ്പാക്കുന്നതിന് റീജിയണൽ ഡയറക്ടർ/സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണർ എന്നിവരെ യോഗം ചുമതലപ്പെടുത്തി. അതോടൊപ്പം ഏറ്റുമാനൂർ, ചങ്ങനാശ്ശേരി, പുതിയറ ഇ.എസ്.ഐ ഡിസ്പെൻസറികൾക്ക് പുതിയ കെട്ടിടം കണ്ടെത്തണമെന്ന് യോഗം തീരുമാനിക്കുകയും റീജിയണൽ ഡയറക്ടർ / സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണർ എന്നിവരെ ചുമതലപ്പെടുത്തുകയും ചെയ്തു.

**(നടപടി- റീജിയണൽ ഡയറക്ടർ / സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണർ)**

4. **തൊഴിൽജന്യ രോഗങ്ങൾ**

തൊഴിൽജന്യ രോഗങ്ങൾ സർവ്വേ ചെയ്യുന്നതിന്റെ ഭാഗമായി ഇ.എസ്.ഐ സ്കീമിലുള്ള ഡോക്ടർമാർക്കും, സ്റ്റാഫിനും ചെന്നൈയിലുള്ള Occupational Disease Centre മുഖേന ട്രെയിനിംഗ് നൽകുവാനുള്ള നടപടികൾ കൈക്കൊള്ളുവാൻ യോഗം തീരുമാനിച്ചു.

**(നടപടി- സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണർ)**

5. **മരുന്നു വിതരണം**

മരുന്നു വിതരണത്തിന്റെ അഭാവം കണക്കിലെടുത്ത് റേറ്റ് കോൺട്രാക്ടിൽ ഉൾപ്പെട്ടവയും എന്നാൽ മരുന്ന് വിതരണ കമ്പനികൾ പൂർണ്ണമായും വിതരണം ചെയ്യാത്തതുമായ മരുന്നുകൾ സർക്കാർ ഏജൻസികളിൽ നിന്നും വാങ്ങുന്നതിനായി തീരുമാനിച്ചു. ഇ.എസ്.ഐ കോർപ്പറേഷൻ ഓപ്പറേഷണൽ മാനുവലിലെ ക്രമനമ്പർ 4 മുൻനിർത്തിയാണ് പ്രസ്തുത തീരുമാനം കൈക്കൊണ്ടത്.

**(നടപടി- ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ)**

6. **യാത്രാബത്ത**

ക്ലാസ് I ഓഫീസർമാർക്ക് അനുവദനീയമായ യാത്രാബത്ത സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി / റീജിയണൽ ബോർഡ് മെമ്പർമാർക്ക് അനുവദിക്കുന്നതിനുള്ള നടപടികൾ ഡയറക്ടർ സ്വീകരിക്കണമെന്ന് യോഗം തീരുമാനിച്ചു.

7. **ഓൺലൈൻ സൂപ്പർ സ്പെഷ്യാലിറ്റി റഫറൻസ്**

UTI-യുടെ ഓൺലൈൻ റഫറൻസുമായി ബന്ധപ്പെട്ട് പരാതികൾ ഉണ്ടെങ്കിൽ രേഖാമൂലം സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണർക്ക് ആശുപത്രി സൂപ്രണ്ടുമാർ നൽകണമെന്ന് യോഗം തീരുമാനിച്ചു.

8. **ഐ.ടി മാനേജർ & ഐ.ടി അസിസ്റ്റന്റ്**

ഓരോ ജില്ലയ്ക്കും ഒരു ഐ.ടി മാനേജരേയും, ഓരോ ആശുപത്രികൾക്കും ഒരു ഐ.ടി അസിസ്റ്റന്റിനെയും അടിയന്തിരമായി നിയമിക്കുന്നതിന് യോഗം തീരുമാനിച്ചു.

**(നടപടി- ഇ.എസ്.ഐ കോർപ്പറേഷൻ)**

9. **പ്രോജക്ട് ഇംപ്ലിമെന്റേഷൻ പ്ലാൻ**

2017-18 വർഷത്തിൽ പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ പ്ലാൻ പ്രകാരം സ്പെഷ്യലിസ്റ്റുകളുടേയും ഫാർമസിസ്റ്റിന്റേയും ശമ്പളം വകുപ്പ് നൽകേണ്ടതും 2018-19 വർഷത്തിൽ പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ പ്ലാനിന് കോർപ്പറേഷന്റെ അനുമതി ലഭിക്കുന്നതുവരെ on account payment-ൽ നിന്നും നൽകേണ്ടതുമാണെന്ന് തീരുമാനിച്ചു.

**(നടപടി- ഡയറക്ടർ, സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണർ)**

10. **<u>എംപാനൽമെന്റ് കാലാവധി പുതുക്കൽ</u>**

എംപാനൽമെന്റ് കാലാവധി കഴിഞ്ഞിട്ടും കരാർ പുതുക്കി നൽകാത്ത തിരുവല്ല മെഡിക്കൽ മിഷൻ, തിരുവല്ലയിലെ പുഷ്പഗിരി മെഡിക്കൽ കോളേജ്, കണ്ണൂർ എ.കെ.ജി കോ-ഓപ്പറേറ്റീവ് ആശുപത്രി എന്നീ ആശുപത്രികളുടെ കരാർ മുൻകാലപ്രാബല്യത്തോടെ പുതുക്കി നൽകാൻ തീരുമാനിച്ചു.

**(നടപടി- ഡയറക്ടർ)**

യോഗം 12.45-ന് അവസാനിച്ചു.

**ശ്രീ.ടോം ജോസ്, ഐ.എ.എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി & ചെയർമാൻ,**
**സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി**

6

**അനുബന്ധം**

**23.01.2018 തീയതിയിൽ നടന്ന സ്റ്റേറ്റ് എക്സിക്യൂട്ടീവ് യോഗത്തിൽ പങ്കെടുത്ത അംഗങ്ങളും ക്ഷണിതാക്കളും**

1. ഡോ.ഒ.ദേവദാസ്, — മെമ്പർ
സ്റ്റേറ്റ് മെഡിക്കൽ കമ്മീഷണർ,
ഇ.എസ്.ഐ കോർപ്പറേഷൻ,
കേരള, തൃശ്ശൂർ-680 020

2. ഡോ.സെമീറ.എ, — മെമ്പർ
അഡീഷണൽ ഡയറക്ടർ,
ആരോഗ്യവകുപ്പ്,
തിരുവനന്തപുരം

3. ശ്രീമതി.ജയലക്ഷ്മി.പി, — മെമ്പർ
അഡീഷണൽ സെക്രട്ടറി,
ധനകാര്യ വകുപ്പ്,
ഗവ.സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം

4. ശ്രീ.ഡി.രവീന്ദ്രനാഥ്, — മെമ്പർ
Head (HR & R),
ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ്,
രജിസ്റ്റേർഡ് ഓഫീസ് & കോർപ്പറേറ്റ് ഓഫീസ്,
2A, IInd Floor, ലീല ഇൻഫോ പാർക്ക്,
ടെക്നോ പാർക്ക്, കഴക്കൂട്ടം,
തിരുവനന്തപുരം – 695 581

5. ശ്രീ.എൻ പത്മലോചനൻ (സി.ഐ.ടി.യു), — മെമ്പർ

സീ വ്യൂ, തങ്കശ്ശേരി പി,.ഒ.,
കൊല്ലം – 691 001

6. ശ്രീ.കെ.സുരേഷ് ബാബു, മെമ്പർ
നാഷണൽ സെക്രട്ടറി &
മെമ്പർ ഇ.എസ്.ഐ കോർപ്പറേഷൻ,
ഐ.എൻ.റ്റി.യു.സി, ഐ.എൻ.റ്റി.യു.സി ഓഫീസ്,
കോൺഗ്രസ് ഭവൻ, കൊല്ലം – 691 001

7. ശ്രീ.വി.രാധാകൃഷ്ണൻ, മെമ്പർ
മെമ്പർ, ഇ.എസ്.ഐ.സി & ബി.എം.എസ്
സ്റ്റേറ്റ് വൈസ് പ്രസിഡന്റ്, ഇന്ദീവരം,
പെരുമ്പിള്ളിശ്ശേരി വെസ്റ്റ്,ചേർപ്പ്. പി.ഒ.,
തൃശ്ശൂർ, കേരള – 680 561

8. ശ്രീ.റ്റി.എം.ജോസഫ്, മെമ്പർ
അഡീഷണൽ കമ്മീഷണർ & റീജിയണൽ ഡയറക്ടർ
ഇ.എസ്.ഐ കോർപ്പറേഷൻ,
തൃശ്ശൂർ – 680 020

9. ഡോ.അജിത നായർ.ആർ, മെമ്പർ സെക്രട്ടറി
ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർ

10. ഡോ.ചന്ദ്രമതി കരുണാകരൻ, മെമ്പർ
സൂപ്രണ്ട്, ഇ.എസ്.ഐ ആശുപത്രി, എറണാകുളം

11. ശ്രീമതി.ഷൈജ ലോഹിദാസ്, മെമ്പർ
സ്റ്റേറ്റ് നോഡൽ ഓഫീസർ,
ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ്

**ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പിൽ നിന്നും പങ്കെടുത്തവർ**

1. ശ്രീ.ജി.തുളസീധരൻ പിള്ള,
സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, തിരുവനന്തപുരം

2. ശ്രീമതി.സി.ആർ.ഷീബ,
സീനിയർ ഫിനാൻസ് ഓഫീസർ,
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്, തിരുവനന്തപുരം

3. ഡോ.ഷീല.എ.എ,
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്
ദക്ഷിണമേഖല, കൊല്ലം

4. ഡോ.അനിത.ഡി,
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ,
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്
മദ്ധ്യമേഖല, എറണാകുളം

5. ഡോ.പ്രേമകുമാരി,
റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർ,
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ്
ഉത്തരമേഖല, കോഴിക്കോട്

6. ഡോ.എൻ.കെ.രാജൻ,
സൂപ്രണ്ട്, ഇ.എസ്.ഐ ആശുപത്രി, ഫെറൂക്ക്

7. ഡോ.സുഗന്ധി ഗോപിനാഥ്,
സൂപ്രണ്ട്, ഇ.എസ്.ഐ ആശുപത്രി, പേരൂർക്കട

8. ശ്രീമതി.ലൂസമ്മ സെബാസ്റ്റ്യൻ,
ജൂനിയർ സൂപ്രണ്ട്,
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ കാര്യാലയം

9. ശ്രീ.ഹാരിസൺ.ഡി.പെരേര,
ജൂനിയർ സൂപ്രണ്ട്,
ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് ഡയറക്ടറുടെ കാര്യാലയം

**<u>തൊഴിലും നൈപുണ്യവും വകുപ്പിൽ നിന്നും പങ്കെടുത്തവർ</u>**

1. ശ്രീ.എ.കെ.മോഹനകുമാർ, അഡീഷണൽ സെക്രട്ടറി,
തൊഴിലും നൈപുണ്യവും വകുപ്പ്,

2. ശ്രീമതി.സരള.എസ്, അണ്ടർ സെക്രട്ടറി,
തൊഴിലും നൈപുണ്യവും വകുപ്പ്,

3. ശ്രീ.രുസി.ആർ.എസ്, സെക്ഷൻ ഓഫീസർ,
തൊഴിലും നൈപുണ്യവും വകുപ്പ്,

**<u>ഇ.എസ്.ഐ കോർപ്പറേഷനിൽ നിന്നും പങ്കെടുത്തവർ</u>**

1. ശ്രീ.പ്രശാന്ത്.ജെ,
ഡെപ്യൂട്ടി ഡയറക്ടർ (ഇൻ-ചാർജ്)
സബ് റീജിയണൽ ഓഫീസ്, ഇ.എസ്.ഐ കോർപ്പറേഷൻ,
തിരുവനന്തപുരം